# റബ്ബർ ബോർഡ് എംപ്ലോയീസ് സഹകരണ സംഘം

**ക്ലിപ്തം നമ്പർ കെ.155, കളക്ട്രേറ്റ് പി ഒ, കോട്ടയം – 686002**

## സർക്കുലർ

RBECS : 81/2024-25 18-10-2024

മാന്യ സഹകാരികളെ,

ബഹുമാന്യരായ അംഗങ്ങളുടെയും, ജീവനക്കാരുടെയും സഹകരണത്തോടു കൂടി സംഘത്തിന്റെ പ്രവർത്തനങ്ങൾ പൂർവ്വാധികം ഭംഗിയായി മുന്നോട്ട് കൊണ്ടുപോവാൻ ഭരണസമിതിക്ക് സാധിച്ചു എന്ന് അറിയിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. സംഘത്തിന്റെ പുതിയ ഭരണസമിതി 31.07.2024 ൽ നിലവിൽ വന്നു. താഴെ പറയുന്ന അംഗങ്ങളെ ഭരണസമിതിയിലേക്ക് തെരഞ്ഞെടുത്തു.

1. ശ്രീ സി. പ്രദീപ് – പ്രസിഡന്റ്
2. ശ്രീമതി സിസിലി പി എസ് – വൈസ് പ്രസിഡന്റ്
3. ശ്രീമതി ഉഷ ജി മേനോൻ – ഭരണസമിതി അംഗം
4. ശ്രീമതി നിഷിത പി – ഭരണസമിതി അംഗം
5. ശ്രീ മാത്യു പി കെ – ഭരണസമിതി അംഗം
6. ശ്രീ ജഗദീഷ് തങ്കപ്പൻ – ഭരണസമിതി അംഗം
7. ശ്രീ അനിൽകുമാർ എം എസ് – ഭരണസമിതി അംഗം
8. ശ്രീ ബിനോയ് ജോസഫ് – ഭരണസമിതി അംഗം
9. ശ്രീ നസീഫ് എ യു – ഭരണസമിതി അംഗം

സംഘത്തിന്റെ നിലവിലെ പ്രവർത്തനങ്ങൾ കൂടുതൽ ഭംഗിയായി നടത്തുന്നതിനും പുതിയവ ആവിഷ്കരിക്കുന്നതിനും എല്ലാ ബഹുമാന്യരായ അംഗങ്ങളുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട് താഴെ പറയുന്ന കാര്യങ്ങൾ എല്ലാവരുടെയും അറിവിലേയ്ക്കായി പ്രസിദ്ധപ്പെടുത്തുന്നു.

### 1. Monthly Savings Scheme (MSS)

നിലവിലെ GDC സ്കീമിന് പകരമായി കോ–ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റ് ആവിഷ്കരിച്ച MSS പദ്ധതി നടപ്പിൽ വരുത്തുവാനുള്ള പ്രാരംഭ നടപടികൾ സംഘം ആരംഭിച്ചിട്ടുണ്ട്. അതിന്റെ മുന്നോടിയായി നിലവിലെ സോഫ്റ്റവെയർ പരിഷ്കരിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി താമസംവിനാ ഇത് നടപ്പിലാക്കുന്നതാണ്. അംഗങ്ങൾ പുതിയ പദ്ധതിയോട് സഹകരിക്കണമെന്ന് താൽപര്യപ്പെടുന്നു. സൊസൈറ്റിയുടെ അക്കൗണ്ടിലേക്ക് പണം നിക്ഷേപിക്കുന്നവർക്ക് താഴെ പറയുന്ന സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

G-pay ആയി പണം അടയ്ക്കുന്നവർ അക്കാര്യം സൊസൈറ്റിയിൽ നേരിട്ട് അറിയിക്കേണ്ടതാണ്.

**ബാങ്ക് അക്കൗണ്ട് നമ്പർ**

1. SBI, കോട്ടയം സിവിൽ സ്റ്റേഷൻ ബ്രാഞ്ച് A/c.No.: 67005990629 IFSC: SBIN 0070101
2. CBI, റബ്ബർ ബോർഡ് കീഴുക്കുന്ന് ബ്രാഞ്ച് A/c.No.: 1559500012 IFSC : CBIN 0284150

## 2. ഗിഫ്റ്റ്, കലണ്ടർ & ഡയറി

സംഘത്തിൽ നിന്നും മുൻവർഷങ്ങളിലെ പോലെ ഈ വർഷവും അംഗങ്ങൾക്ക് ഗിഫ്റ്റ്, കലണ്ടർ, ഡയറി എന്നിവ വിതരണം ചെയ്യുന്നതാണ്. ഗിഫ്റ്റ് വിതരണം ചെയ്യുന്ന തീയതി പൊതുയോഗത്തിന് ശേഷം അറിയിക്കുന്നതാണ്. കഴിഞ്ഞ വർഷത്തെ ഗിഫ്റ്റ് വാങ്ങാനുള്ളവർ നവംബർ 15–ാം തീയതിക്കു മുൻപായി ആയത് കൈപ്പറ്റേണ്ടതാണ്. നിലവിൽ ബാക്കി നിൽക്കുന്ന ഗിഫ്റ്റായ ബെഡ്ഷീറ്റ് 950/– രൂപയ്ക്ക് സൊസൈറ്റിയിൽ നിന്നും ലഭിക്കുന്നതാണ്. ആവശ്യക്കാർ സൊസൈറ്റിയുമായി ബന്ധപ്പെടേണ്ടതാണ്.

## 3. റെക്കറിംഗ് ഡെപ്പോസിറ്റ്/ത്രിഫ്റ്റ് ഡെപ്പോസിറ്റ്

റെക്കറിംഗ് ഡെപ്പോസിറ്റ്/ത്രിഫ്റ്റ് ഡെപ്പോസിറ്റ് എന്നിവയ്ക്ക് യഥാക്രമം 6.50% നിരക്കിൽ പലിശ നൽകി വരുന്നു. അംഗങ്ങൾക്ക് ചേരാവുന്ന റെക്കറിംഗ് ഡെപ്പോസിറ്റ്, ത്രിഫ്റ്റ് ഡെപ്പോസിറ്റ് ഇവയുടെ തുക പരമാവധി 10000/– രൂപ വരെയായി പരിമിതപ്പെടുത്തിയിരിക്കുന്നു. റെക്കറിംഗ് ഡെപ്പോസിറ്റ് തുടങ്ങുന്ന അംഗങ്ങൾ അതിന്റെ ആദ്യ തവണ സംഘത്തിൽ നേരിട്ടോ അല്ലെങ്കിൽ ബാങ്ക് അക്കൗണ്ടിലോ അടയ്ക്കാവുന്നതാണ്.

## 4. ഡിവിഡന്റ്

2023–24 വർഷത്തെ ലാഭത്തിന്റെ 25% ഡിവിഡന്റ് അംഗങ്ങൾക്ക് പൊതുയോഗത്തിന് ശേഷം നൽകുന്നതാണ്.

## 5. സേവിംഗ്സ് ബാങ്ക് നിക്ഷേപം

സംഘം ആവിഷ്കരിച്ച് നടപ്പിലാക്കി കൊണ്ടിരിക്കുന്ന സേവിംഗ്സ് ബാങ്ക് നിക്ഷേപ അക്കൗണ്ടിന് അംഗങ്ങളുടെ ഇടയിൽ നിന്ന് മികച്ച പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. സംഘത്തിലെ എ, ബി ക്ലാസ് അംഗങ്ങൾക്ക് ഇതിന്റെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങാൻ ആഗ്രഹിക്കുന്ന അംഗങ്ങൾ പൂരിപ്പിച്ച അപേക്ഷ ഫോമിനോടൊപ്പം കെ.വൈ.സി. ഫോം, 2 പാസ്സ്പോർട്ട് സൈസ് ഫോട്ടോ, പാൻ കാർഡ്, ആധാർ കാർഡ് എന്നിവയുടെ കോപ്പിയും നൽകേണ്ടതാണ്. 4% മാണ് നിലവിലെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന്റെ പലിശ നിരക്ക്. അംഗങ്ങൾക്ക് 500/– രൂപ മിനിമം ബാലൻസ് അക്കൗണ്ടിൽ ഉണ്ടായിരിക്കേണ്ടതാണ്. മാക്സിമം തുകയ്ക്ക്

പരിധി ഉണ്ടായിരിക്കുന്നതല്ല. സംഘത്തിലെ സ്ഥിരനിക്ഷേപത്തിന്റെ പരിധി 20 ലക്ഷമാക്കി നിജപ്പെടുത്തിയിരിക്കുന്നതിനാൽ അതിൽ നിന്ന് ലഭിക്കുന്ന പലിശ തുക അംഗങ്ങളുടെ സമ്മതത്തോടെ SB A/C ലേക്ക് മാറ്റുന്നതിനുള്ള സൗകര്യമുണ്ടായിരിക്കുന്നതാണ്.

### 6. റിസ്ക് ഫണ്ട്

സഹകരണ വകുപ്പിന്റെ 11-10-2022 തീയതിയിലെ സർക്കുലർ നമ്പർ 32/ 2022 പ്രകാരം സ്വന്തം ഫണ്ട് വായ്പ എടുക്കുന്ന അംഗങ്ങളിൽ നിന്നും റിസ്ക് ഫണ്ടിനത്തിൽ വായ്പ തുകയുടെ 0.50% എന്ന നിരക്ക് 11-10-2022 മുതൽ 0.70% ആയി വർദ്ധിപ്പിച്ചിരിക്കുന്നു. റിസ്ക് ഫണ്ട് പ്രീമിയം തുക വർദ്ധിപ്പിച്ച കുറഞ്ഞത് 100/- രൂപ (നൂറ് രൂപ) ആയി നിലനിർത്തിക്കൊണ്ട് പരമാവധി 2000/- (രണ്ടായിരം) രൂപയും ആയതിന്റെ ജി.എസ്.ടി (18%) 360/- (മൂന്നൂറ്റി അറുപത്) രൂപയുമായി നിജപ്പെടുത്തിയും, റിസ്ക് ഫണ്ട് ധനസഹായ തുക മരണാനന്തരസഹായമായി പരമാവധി 2,00,000/- (രണ്ട് ലക്ഷം) രൂപയിൽ നിന്ന് 3,00,000/- (മൂന്ന് ലക്ഷം) രൂപയായും, ചികിത്സാ ധനസഹായം പരമാവധി 1,00,000/- (ഒരു ലക്ഷം) രൂപയിൽ നിന്ന് 1,25,000/- (ഒരു ലക്ഷത്തി ഇരുപത്തയ്യായിരം) രൂപയായും കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് വർദ്ധിപ്പിച്ചിട്ടുണ്ട്. ആയതിനാൽ സ്വന്തം ഫണ്ട് വായ്പ എടുക്കുന്ന അംഗങ്ങൾ അവരുടെ വായ്പ തുകയുടെ പുതിയ നിരക്കിലുള്ള റിസ്ക് ഫണ്ട് പ്രീമിയവും ആയതിന്റെ ജി. എസ്. ടി. യും അടയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്.

### 7. Own Fund വായ്പ

വായ്പയ്ക്കായി അപേക്ഷിക്കുന്ന അംഗങ്ങൾ അപേക്ഷയോടൊപ്പം ആധാർ നമ്പർ, മൊബൈൽ നമ്പർ എന്നിവ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

### 8. Solar വായ്പ

അംഗങ്ങൾക്കായുള്ള സോളാർ വായ്പ തുടരുന്നു. 3 KW ന് പരമാവധി 2 ലക്ഷം രൂപയും 5 KW ന് പരമാവധി 3 ലക്ഷം രൂപയും 60 തവണ കാലാവധിയിൽ 8.5% പലിശ നിരക്കിൽ ലഭിക്കുന്നതാണ്.

### 9. ഓഹരി അനുപാതം

സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ പ്രകാരം 1-08-2024 മുതൽ എല്ലാ വായ്പകളുടെയും ഓഹരി അനുപാതം 1% നിന്ന് 2% ആയി വർദ്ധിപ്പിച്ചിരിക്കുന്നു.

### 10. സ്ഥിരനിക്ഷേപം

സ്ഥിര നിക്ഷേപത്തിനുള്ള പുതുക്കിയ പലിശ 14-03-2024 മുതൽ താഴെപ്പറയുന്ന നിരക്കിൽ ലഭിക്കുന്നതാണ്.

| | |
|---|---|
| 15 ദിവസം മുതൽ 45 ദിവസം വരെ | 6.00% |
| 46 ദിവസം മുതൽ 90 ദിവസം വരെ | 6.50% |
| 91 ദിവസം മുതൽ 179 ദിവസം വരെ | 7.25% |
| 180 ദിവസം മുതൽ 364 ദിവസം വരെ | 7.50% |
| 1 വർഷം | 8.25% |

കാലാവധി പൂർത്തിയായ സ്ഥിരനിക്ഷേപങ്ങൾ യഥാസമയം പുതുക്കേണ്ടതാണ്. സംഘത്തിലെ സ്ഥിരനിക്ഷേപങ്ങൾ 2024 ജനുവരി മാസം മുതൽ Auto-renewal ന് വിധേയമാണ്. മൊബൈൽ ഫോൺ നമ്പർ നൽകാത്ത അംഗങ്ങൾ സംഘത്തിൽ  നമ്പർ നൽകേണ്ടതാണ്. സ്ഥിര നിക്ഷേപത്തിൽ നിന്നും വായ്പ എടുക്കുന്നതിനുള്ള ഫോറം സംഘത്തിൽ നിന്നും ലഭിക്കുന്നതാണ്. പുതിയ FD നിക്ഷേപിക്കുന്നവർ FD രസീത് സംഘത്തിൽ നിന്ന് നേരിട്ട് കൈപ്പറ്റേണ്ടതാണ്. ആയത് സാധിക്കാത്തവർ Authorisation Letter നൽകി കൈപ്പറ്റാവുന്നതാണ്. FD രസീതുകൾ നഷ്ടപ്പെട്ടാൽ അംഗങ്ങൾക്ക് Duplicate FD ഒന്നിന് 250/- രൂപ അടച്ച് രസീത് കൈപ്പറ്റാവുന്നതാണ്.

## 11. വിദ്യാഭ്യാസ സഹായ പദ്ധതി

Pay level 3 വരെയുള്ള അംഗങ്ങളുടെ കുട്ടികൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യം (2023-24) ലഭിക്കുന്നതിന് രക്ഷിതാക്കളായ അംഗങ്ങളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷയോടൊപ്പം സാലറി സ്ലിപ്പ് കൂടി വയ്ക്കണം.

**അർഹത**

1) ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് വരെ മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു.
2) വിദ്യാർത്ഥികൾ വർഷാവസാന പരീക്ഷയിൽ എല്ലാ വിഷയത്തിനും ജയിച്ചവരായിരിക്കണം.
3) ഒരംഗത്തിന്റെ ഒരു കുട്ടിക്ക് മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു.

## 12. മെറിറ്റ് അവാർഡ്

2023-24 അദ്ധ്യയന വർഷത്തിൽ താഴെപ്പറയുന്ന കോഴ്സുകൾക്ക് ഉന്നതവിജയം നേടി വിജയിച്ച കുട്ടികളുടെ രക്ഷിതാക്കളായ അംഗങ്ങളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

1. പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് (SSLC, CBSE, ICSE) 90% ന് മുകളിൽ മാർക്ക് ലഭിച്ച കുട്ടികൾക്ക്
2. പ്ലസ് ടു വിഭാഗത്തിൽ (ALL SYLLABUS) 90% ന് മുകളിൽ മാർക്ക് ലഭിച്ച കുട്ടികൾക്ക്
3. ബി.എ., ബി.എസ്.സി., ബി.കോം. തുടങ്ങിയ എല്ലാ ബിരുദ കോഴ്സുകളിലും ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച ഓരോ വിദ്യാർത്ഥിക്ക്
4. എം.എ., എം.എസ്.സി., എം.കോം. തുടങ്ങിയ എല്ലാ ബിരുദാനന്തര ബിരുദ കോഴ്സുകളിലും ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച ഓരോ വിദ്യാർത്ഥിക്ക്

5. പ്രൊഫഷണൽ കോഴ്സുകളിൽ ഓരോ വിഭാഗത്തിലും ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച ഓരോ വിദ്യാർത്ഥിക്ക്

## 13. എൻഡോവ്മെന്റ് ഫണ്ട് അവാർഡ്

(i) ***a) ഗോൾഡൻ ജൂബിലി മെമ്മോറിയൽ മെറിറ്റ് അവാർഡ്***

***b) RBECS Endowment***

കനക ജൂബിലി സ്മാരകമായി സൊസൈറ്റി ഏർപ്പെടുത്തിയ ഈ അവാർഡ് (STATE BOARD, CBSE, ICSE) 12–ാം ക്ലാസ് ഉന്നതവിജയം നേടുന്ന കുട്ടികൾക്ക് നൽകുന്നതാണ്.

(ii) ***പി. എൻ. ഗണപതി അയ്യർ എൻഡോവ്മെന്റ് ഫണ്ട് അവാർഡ്***

Pay level 4 വരെയുള്ള അംഗങ്ങളുടെ കുട്ടികൾക്ക് മാത്രം. +2 സയൻസ് ഗ്രൂപ്പിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന ഒരു കുട്ടിയ്ക്ക് ഈ അവാർഡ് നൽകുന്നതാണ്.

(iii) ***ഡോക്ടർ എൻ. ഉഷാ നായർ മെമ്മോറിയൽ എൻഡോവ്മെന്റ് അവാർഡ്***

+2 പരീക്ഷയിൽ ഉന്നതവിജയെം നേടുന്ന ഒരു വിദ്യാർത്ഥിക്ക്

അവാർഡിന് പരിഗണിക്കുവാൻ അർഹരായ കുട്ടികളുടെ മാതാപിതാക്കളായ അംഗങ്ങൾ അപേക്ഷയോടൊപ്പം സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പികൾ 2024 നവംബർ മാസം 5–ാം തീയതി 5.00 പി.എം ന് മുമ്പായി സംഘം ആഫീസിൽ നേരിട്ടോ, ഈമെയിൽ/പോസ്റ്റ് ആയോ എത്തിക്കേണ്ടതാണ്. അപൂർണ്ണമായ അപേക്ഷകൾ നിരസിക്കുന്നതാണ്. പ്രസ്തുത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. അപേക്ഷകൾ സംഘത്തിന്റെ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.

## 14. വാർഷിക പൊതുയോഗം

2024 നവംബർ മാസം 30–ാം തീയതി ശനിയാഴ്ച സംഘത്തിന്റെ വാർഷിക പൊതുയോഗം നടത്തുന്നതാണ്. പൊതുയോഗത്തിന്റെ വാർഷിക റിപ്പോർട്ടും, കണക്കും എല്ലാ അംഗങ്ങൾക്കും എത്തിക്കുന്നതാണ്. പൊതുയോഗത്തിൽ കഴിയുന്നതും എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് താൽപര്യപ്പെടുന്നു. സംഘത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് എല്ലാ അംഗങ്ങളുടെയും തുടർ സഹകരണം ഒരിക്കൽകൂടി അഭ്യർത്ഥിച്ചുകൊണ്ട്

ഭരണസമിതിക്കുവേണ്ടി

(ഒപ്പ്)

സെക്രട്ടറി ഇൻ–ചാർജ്